"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ്- സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ കോർട്ട് ഓഫീസർ തസ്തികയിൽ ശ്രീമതി.ദിവ്യ എസ്.നാഥിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.18/2024/CAD തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:- 1. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 28.11.2023-ലെ KSCDRC/54/2023-A നമ്പർ കത്ത്

2. നിയമ (ഭരണ 1) വകുപ്പിന്റെ 16.03.2024-ലെ AD-I(2)/64/2024-LAW നമ്പർ കുറിപ്പ്

<u>ഉത്തരവ്</u>

സെക്രട്ടേറിയറ്റ് നിയമ വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കോർട്ട് ഓഫീസർ ആയി ജോലി ചെയ്തിരുന്ന ശ്രീ.സജീർ എച്ച്.-നെ അന്യത്ര സേവന കാലാവധി പൂർത്തിയായതിനെ തുടർന്ന് 09.10.2023 അപരാഹ്നത്തിൽ സംസ്ഥാന കമ്മീഷനിലെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. അതിനാൽ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കോർട്ട് ഓഫീസർ തസ്തികയിലേക്ക് പകരം ഉദ്യോഗസ്ഥനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (1) ലെ കത്ത് മുഖേന സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാർ അപേക്ഷിച്ചിരുന്നു. തുടർന്ന് നിയമവകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീമതി ദിവ്യ എസ്.നാഥ് (PEN:651531)-നെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കോർട്ട് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യപത്രം തുടർനടപടികൾക്കായി പരാമർശം (2) പ്രകാരം നിയമവകുപ്പും ലഭ്യമാക്കിയിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെക്രട്ടേറിയറ്റ് നിയമവകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീമതി.ദിവ്യ എസ്.നാഥ് (PEN:651531)-നെ നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾ പ്രകാരം, ഒരു

വർഷത്തേക്ക് കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കോർട്ട് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പകർപ്പ്:

1.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്&എ&ഇ), കേരള, തിരുവനന്തപുരം

2.രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

3.പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം

4.സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം

5.ശ്രീമതി ദിവ്യ.എസ്.നാഥ്, സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്

6.നിയമ (ഭരണ 1) വകുപ്പ്

7.ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

8.വെബ് & ന്യൂ മീഡിയ (വിവര പൊതുജന സമ്പർക്ക വകുപ്പ്)

9.സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.CA1/11/2024)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ